**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3510** **02-03-2023 - ൽ മറുപടിയ്ക്ക്**

**കേടായ കാർഷിക യന്ത്രോപകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ കൃഷി ഭവനുകളുടെ പരിധിയിൽ കേടായി കിടക്കുന്ന കാർഷിക യന്ത്രോപകരണങ്ങൾ സംരക്ഷിക്കുന്നതിനായി നടത്തിയ സംസ്ഥാനതല സർവേയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വിശദമാക്കാമോ; | (എ) | കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ മുഖേന നടത്തിയ കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് സർവ്വേയിൽ വിവിധ പദ്ധതികളിലൂടെ വിവിധ തരത്തിലുള്ള 11505 കാർഷിക യന്ത്രങ്ങൾ നൽകിയിട്ടുണ്ടെന്നും, ഇവയിൽ 5354 എണ്ണം പ്രവർത്തനസജ്ജമാണെന്നും 6092 എണ്ണം പ്രവർത്തിക്കുന്നില്ലെന്നും ഏകദേശം 4120 എണ്ണം ഒഴിവാക്കാൻ ഉണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേടായവ നന്നാക്കുന്നതിനും ഉപയോഗ ശൂന്യമായവ ഒഴിവാക്കുന്നതിനുമുള്ള ഒരു മാതൃക പദ്ധതി എന്ന നിലയ്ക്ക് "കാർഷിക യന്ത്രം സർവം ചലിതം കിളിമാനൂർ" എന്ന ഒരു പരിപാടി 2022 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 8 വരെ മിഷൻ മുഖേന നടത്തി കേടായി കിടന്ന 48 കാർഷിക യന്ത്രങ്ങൾ കേടുപാട് തീർത്ത് കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ പരിപാടിയുടെ വിജയസാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് ഉടനീളം കേടായി കിടക്കുന്ന കാർഷിക യന്ത്രങ്ങൾ "കാർഷിക യന്ത്രം സർവം ചലിതം കേരളം" എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് അറ്റകുറ്റപ്പണി ചെയ്ത് വിന്യസിക്കുന്നതിന് ആലോചിച്ചു വരുന്നു. കൂടാതെ ബ്ലോക്ക് അടിസ്ഥാനത്തിൽ കാർഷിക സേവന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച്, പ്രത്യേകിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതവും ഉപയോഗിച്ച് "കാർഷികയന്ത്ര അറ്റകുറ്റപ്പണിപ്പുര" സ്ഥാപിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.<br><br>ഉപയോഗശൂന്യമായ യന്ത്രങ്ങൾ അടിയന്തരമായി നിയമാനുസൃതം കണ്ടം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കേടായ കാർഷിക യന്ത്രോപകരണങ്ങൾ | (ബി) | കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള |

| | | | |
|---|---|---|---|
| | ഉപയോഗയോഗ്യമാക്കുന്നതിനും ഉപയോഗശൂന്യമായവ ലേലം ചെയ്ത് വിൽക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ മുഖേന നടത്തിയ കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് സർവ്വേയിൽ വിവിധ പദ്ധതികളിലൂടെ വിവിധ തരത്തിലുള്ള 11505 കാർഷിക യന്ത്രങ്ങൾ നൽകിയിട്ടുണ്ടെന്നും, ഇവയിൽ 5354 എണ്ണം പ്രവർത്തനസജ്ജമാണെന്നും 6092 എണ്ണം പ്രവർത്തിക്കുന്നില്ലെന്നും ഏകദേശം 4120 എണ്ണം ഒഴിവാക്കാൻ ഉണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേടായവ നന്നാക്കുന്നതിനും ഉപയോഗ ശൂന്യമായവ ഒഴിവാക്കുന്നതിനുമുള്ള ഒരു മാതൃക പദ്ധതി എന്ന നിലയ്ക്ക് "കാർഷിക യന്ത്രം സർവം ചലിതം കിളിമാനൂർ" എന്ന ഒരു പരിപാടി 2022 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 8 വരെ മിഷൻ മുഖേന നടത്തി കേടായി കിടന്ന 48 കാർഷിക യന്ത്രങ്ങൾ കേടുപാട് തീർത്ത് കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ പരിപാടിയുടെ വിജയസാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് ഉടനീളം കേടായി കിടക്കുന്ന കാർഷിക യന്ത്രങ്ങൾ "കാർഷിക യന്ത്രം സർവം ചലിതം കേരളം" എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് അറ്റകുറ്റപ്പണി ചെയ്ത് വിന്യസിക്കുന്നതിന് ആലോചിച്ചു വരുന്നു. കൂടാതെ ബ്ലോക്ക് അടിസ്ഥാനത്തിൽ കാർഷിക സേവന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച്, പ്രത്യേകിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതവും ഉപയോഗിച്ച് "കാർഷികയന്ത്ര അറ്റകുറ്റപ്പണിപ്പുര" സ്ഥാപിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.<br><br>ഉപയോഗശൂന്യമായ യന്ത്രങ്ങൾ അടിയന്തരമായി നിയമാനുസൃതം കണ്ടം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ